# ദുക്റാന: വീരോചിത രക്തസാക്ഷിത്വത്തിന്റെ വിശുദ്ധ ദിനം

വീണ്ടും ഒരു ജൂലൈ 3, ഭാരത കത്തോലിക്കാ സഭയുടെ സംസ്ഥാപകനായ വിശുദ്ധ തോമാശ്ലീഹായുടെ വീരോചിതമായ രക്ത സാക്ഷിത്വത്തിന്റെ അനുസ്മരണം. സിറോ മലബാർ സഭയ്ക്കിത് അവിസ്മരണീയമായ സഭാദിനം. പരിശുദ്ധാരൂപിയുടെ നിറവിൽ വിശ്വാസത്തിന്റെ സമൃദ്ധിയുമായി അയയ്ക്കപ്പെട്ട ദിദിമോസിനെക്കുറിച്ചുള്ള ഓർമ്മ–ദുക്റാന. അലയാഴികൾ താണ്ടി അലമാലകൾ ഭേദിച്ച് എ.ഡി. 52–ൽ ചേര, ചോള, പാണ്ഡ്യ രാജ്യങ്ങളിലെ സുഗന്ധ വ്യജ്ഞന തുറമുഖ പട്ടണമായിരുന്ന കൊടുങ്ങല്ലൂരിൽ മാർതോമാ കപ്പലിറങ്ങിയതായി ചരിത്രം. ഓം:കാരത്തിന്റെ പൊരുളുതേടിയിരുന്ന ആർഷഭാരത സംസ്കൃതിയുടെ വിശ്വാസസംഹിതകൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും നടുവിലേയ്ക്ക് കടന്നുവന്ന ക്രിസ്തുശിഷ്യൻ, തോമസ്.

സഹസ്രാബ്ദങ്ങൾക്കപ്പുറത്ത് അഗ്നിയിലും ജലത്തിലും വൃക്ഷത്തണലിലും ഗുഹാഗഹ്വരങ്ങളിലും തപസ്സനുഷ്ഠിച്ച് ആത്മീയതയുടെ ഗിരിശൃംഗങ്ങൾ താണ്ടിയ മഹർഷിമാരും മാമുനിമാരും പവിത്രമായൊരു സംസ്കാരത്തിന്റെ നെറുകയിൽ കോറിയിട്ട ദിവ്യമന്ത്രസൂക്തം

അസതോമാ സത് ഗമയാ<br>
തമസോമാ ജ്യോതിർ ഗമയാ<br>
മൃത്യോർമാ അമൃതം ഗമയാ

സർവ്വ ചരാചരങ്ങളും പ്രാണവായുവിനോടൊപ്പം ഏറ്റുപാടിയിരുന്ന ഈ പ്രാർത്ഥനാസൂക്തം ഒരു ജനതതിയുടെ പ്രയാണത്തിന്റെ ഗതിവേഗമായി പ്രവഹിച്ചുകെണ്ടിരുന്നതിന്റെ നടുവിലാണ് ഈ വിശുദ്ധന്റെ രംഗപ്രവേശം.

അസത്യത്തിന്റെ നടുവിലെ ഏകസത്യമായി, ഘോരാന്തകാരത്തിന്റെ നടുവിലെ ദിവ്യപ്രകാശസ്രോതസായി കറുത്തിരുണ്ട മരണത്തിനു മുമ്പിലെ അനശ്വരതയുടെ, അമർത്യതയുടെ അനന്തപ്രവാഹമായി, ഞാനാണ് വഴിയും സത്യവും ജീവനും എന്നുരചെയ്തവന്റെ ശബ്ദവും ശക്തിയുമായി കടന്നുവന്ന ഈ വിശുദ്ധനെക്കുറിച്ച് സഭാപിതാവും ദൈവശാസ്ത്ര പണ്ഡിതനുമായ വിശുദ്ധ എഫ്രേം പറയുന്നു. ''പന്ത്രണ്ട് പേരിൽ ഒരുവനായ വലിയ പ്രകാശമേ കുരിശിൽ നിന്നിറ്റുവീണ തൈലത്താൽ നിറദീപമായി ഘോരതമസിൽ അലിഞ്ഞമർന്ന ഭാരതഭൂവിന്റെ നിശയെ നീ പ്രകാശപൂരിതമാക്കിയിരിക്കുന്നു. സൂര്യരശ്മിയെപ്പോലെ വലിയ പ്രകാശഗോളത്തിൽ നിന്ന് പുറപ്പെടുന്നവനെ നീ ഭാഗ്യവാൻ''.

നീണ്ടുനിന്ന ദിനരാത്രങ്ങളിലെ കഠിന തപസ്സിനും പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനുമൊടുവിൽ ജ്വലിച്ചെരിയുന്ന അഗ്നിക്കാവടിയിലേയ്ക്ക് കരളുറപ്പോടെ ചുവടുവയ്ക്കുന്ന ഭക്തനേപ്പോലെ ദിവ്യഗുരുവിന്റെ പഞ്ചക്ഷതങ്ങളിൽ മനമർപ്പിച്ച് ആത്മാഭിഷേകംകൊണ്ട് കരളുറപ്പുനേടി അന്യമായ ഭാഷ, വേഷ സംസ്കാരങ്ങൾക്കും മതവിശ്വാസങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും നടുവിലേയ്ക്ക് പദമൂന്നിയ അപ്പസ്തോലൻ നമുക്കുമുമ്പിൽ അനാവരണം ചെയ്യുന്ന വിശ്വാസ സത്യങ്ങളിലേയ്ക്ക് മനസുതുറക്കുന്നതാവട്ടെ നമുക്കീ ദുക്റാനാചരണം.

വിശുദ്ധ ഗ്രന്ഥത്തിൽ നാലാം സുവിശേഷകൻ മാത്രമാണ് ഈ അപ്പസ്തോലനെക്കുറിച്ചുള്ള വിവരണം നൽകുന്നത്. തന്റെ പ്രിയ സ്നേഹിതനായിരുന്ന ലാസറിന്റെ മരണത്തിൽ മനംനൊന്ത യേശു ബഥാനിയായിലേയ്ക്ക് പുറപ്പെടുവാൻ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ മഹത്വത്തിനും ദൈവപുത്രൻ മഹത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ള ഈ മരണം(യോഹ. 11.4) ക്രിസ്തുനാഥനെ സംബന്ധിച്ചിടത്തോളം തന്റെ രക്ഷാകര ജീവിതത്തിലെ അതീവശ്രദ്ധേയമായ ഒരു പ്രബോധനത്തിന്റെ അനാവരണത്തിനുവേണ്ടിയുള്ള ദൈവാവിഷ്കൃത വേദിയാണ്. മരിച്ചു മരവിച്ച് ദുർഗന്ധം വമിക്കുന്ന മനുഷ്യശരീരത്തിനുമേൽ മാത്രമല്ല മരിച്ചവന്റെ ആത്മാവിനുമേലും അധികാരമുള്ള ദൈവത്തിന്, (മൃത്യോമാ അമൃതംഗമയാ.....) മരണത്തിൽ നിന്ന് ജീവിതത്തിലേയ്ക്കും നിത്യജീവനിലേയ്ക്കും വാതായനം തുറക്കാനാവും എന്നതാണീ പ്രബോധനം.

തന്റെ വചന പ്രഘോഷണ ദൗത്യത്തിനുമുമ്പിൽ കല്ലെറിയാൻ നിൽക്കുന്നവരോ, പിടിച്ചുകെട്ടാൻ വട്ടം കൂട്ടുന്നവരോ, തലയെടുക്കാൻ തന്ത്രങ്ങൾ മെനയുന്നവരോ ഒന്നും ഒരു പ്രതിബന്ധമായി അവൻ കാണുന്നില്ല. എങ്കിലും നാളെകളിൽ തന്റെ ദൗത്യവാഹകരായി താൻ തിരഞ്ഞെടുത്ത ശിഷ്യഗണത്തിന്റെ

കണ്ണുകളിലേയ്ക്ക്, അല്ല മനകണ്ണുകളിലേയ്ക്ക് ഈശോ ഒന്നു പാളിനോക്കിയിരിക്കണം! മറ്റുള്ളവർ തന്നെക്കുറിച്ച് എന്തുപറയുന്നു എന്ത് ചിന്തിക്കുന്നു എന്നല്ല തന്റെ മാറിലെ ചൂടും ചൂരും ഏറ്റുവാങ്ങിയ, നീ സജീവനായ ദൈവത്തിന്റെ ജീവനുള്ള പുത്രനായ മിശിഹായാണ്എന്നു തിരിച്ചറിഞ്ഞ ശിഷ്യരുടെ മനമറിയാൻ. എല്ലാവരും ഭാവിയുടെ വരുംവരായികകളിൽ, കണക്കുകൂട്ടലുകളിൽ, പ്രത്യാഘാതങ്ങളിൽ ദൃഷ്ടിയൂന്നി യേശുവിനെ പിൻതിരിപ്പിക്കാൻ ശ്രമിക്കുമ്പോൾ ജനേസറത്തുതടാകത്തിന്റെ ഓളപ്പരപ്പുകളിൽ കൃത്യതയോടെ മീൻപിടിച്ചു നടന്നവൻ, എല്ലാം പരിത്യജിച്ച് തന്റെ ജീവിതമാകുന്ന കുരിശും വഹിച്ചുകൊണ്ട് സന്തോഷത്തോടെ ഗുരുവിനെ അനുഗമിച്ചവൻ, അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം തന്റെ തീരുമാനം പ്രഖ്യാപിക്കുന്നു, സഹപ്രവർത്തകരെ പ്രേരിപ്പിക്കുന്നു. ''വരുവിൻ, മരിക്കേണ്ടി വന്നാലും നാം നമ്മുടെ ഗുരുവിനോടൊപ്പം''. സർവ്വനാശത്തിനല്ല സമഗ്രമോചനത്തിനാണ് തന്റെ ഗുരുവിന്റെ ആഗമനം എന്ന് തിരിച്ചറിവിൽനിന്നുള്ള ഈടുറ്റ ചുവടുവയ്പ്പ്. അതെ, ജീവിതം എനിക്ക് ക്രിസ്തുവും മരണം എനിക്ക് നേട്ടവുമാണെന്ന് വിശുദ്ധ പൗലോസ് തിരിച്ചറിയുന്നതിന് മുമ്പുതന്നെ ആ സത്യത്തിന്റെ ആവിഷ്ക്കാരമാണ് വിശുദ്ധ തോമാശ്ലീഹായിൽ നാം ദർശിക്കുക.

ദൈവാഭിഷ്ടപ്രകാരമുള്ള പുത്രൻതമ്പുരാന്റെ മനുഷ്യാവതാര രഹസ്യത്തിന്റെ ചെപ്പുതുറക്കുന്ന പ്രഖ്യാപന പശ്ചാത്തലമാണ് അന്ത്യത്താഴ മേശയ്ക്കുമുമ്പിൽ അരങ്ങേറുന്നത്. ശിഷ്യർക്ക് ഇനിമേൽ ഇടർച്ചയുണ്ടാകാതിരിക്കാൻ (യോഹ. 16.1) താൻ ആരാണെന്ന് ഒരൊറ്റവചനത്തിൽ ഈശോ വെളിപ്പെടുത്തുകയാണ്. ഈ വെളിപ്പെടുത്തലിന് കാരണമാകുന്നതാകട്ടെ അപ്പസ്തോലന്റെ ശിശുസഹജമായ വ്യക്തിത്വത്തിന്റെ  തുറവിയും. കണ്ടുമുട്ടിയകാലം മുതൽ കൂടെനടത്തിയവൻ, കടലിന് മീതെനടന്നവൻ, മരിച്ചവരെ ഉയിർപ്പിച്ചവൻ, കരളിൽ കനിവ് നിറഞ്ഞവൻ, കണ്ണീരൊഴുക്കിയവൻ, കാലുകഴുകിയവൻ, കർത്താവായവൻ.... അവൻ പോവുകയാണത്രേ! പക്ഷേ എവിടേയ്ക്ക്? അറിയില്ല, ആർക്കുമറിയില്ല. അറിയണം എനിക്കതറിയണം. കാരണം ഞാൻ അവനെ അനുഗമിക്കേണ്ടവനാണ്. പിന്നെ അമാന്തിച്ചില്ല, ആലോചിച്ചുനിന്നില്ല,  ചോദിച്ചു, വെട്ടിത്തുറന്ന് ചോദിച്ചു. ''കർത്താവേ നീ എവിടേയ്ക്ക് പോകുന്നു എന്നറിയില്ല. പിന്നെ വഴി ഞങ്ങളെങ്ങനെയറിയും? (യോഹ. 14.5)''. ലക്ഷ്യമറിയില്ലെങ്കിൽ പിന്നെ വഴിയെങ്ങനെയാണ് അറിയുക? ഇന്നും കാലികപ്രസക്തിയുള്ള ഒരു ചോദ്യം.

ഗുരുവിന്റെ ഉത്തരം വളരെ ലളിതം, വളരെ വ്യക്തം, വളരെ സമഗ്രം. വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും എന്റെ പിതാവിന്റെ അടുക്കലേയ്ക്ക് വരുന്നില്ല. അവന്റെ വഴിയാണ് യഥാർത്ഥ വെളിച്ചം, അവനാണ് യഥാർത്ഥ സത്യം, അവനാണ് മരണത്തെ അതിജീവിച്ച യഥാർത്ഥ ജീവൻ.

ആധുനീക കാലഘട്ടം നേരിടുന്ന വെല്ലുവിളികളിലൊന്ന് ഈ സംഭവത്തിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്നുണ്ട്.ചോദിക്കേണ്ടത് ചോദിക്കേണ്ടവരോട് ചോദിക്കേണ്ട സമയത്ത് ചോദിക്കാനുള്ള ആർജ്ജവമില്ലായ്മ.  നീ എവിടേയ്ക്ക് പോകുന്നു എന്ന് നിവർന്നുനിന്നു ചോദിക്കാൻ ധൈര്യപ്പെടാതെ, വഴിയറിയാത്തവന്റെ പിന്നാലെപോകുന്നവർ.... ദിക്കറിയാത്ത തത്വസംഹിതകളേയും വഴിപിഴച്ച ഇസങ്ങളെയും ചിന്താസരണികളേയും നെഞ്ചിലേറ്റി പ്രയാണം ചെയ്യുന്നവർ. വളച്ചൊടിച്ച വാർത്തകളിലെ ജുഗുപ്സാവഹമായ അർത്ഥശൂന്യതകളേയും അർത്ഥസത്യങ്ങളെയും തിരിച്ചറിയാത്തവർ..... ജീവനില്ലാത്ത സംസ്കാരങ്ങൾക്കും മതമില്ലാത്ത ജീവനും പിന്നിലണിനിരക്കുന്നവർ.... ആൾക്കൂട്ടങ്ങൾക്കും ക്ഷണികമായ ആരവങ്ങൾക്കും ആവേശം പകരുന്നവർ..... നശ്വരമായ നിക്ഷേപങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി സെക്സിന്റെയും വയലൻസിന്റെയും സീമകൾ അതിലംഘിച്ച് ഉന്മാദത്തിന്റെയും അടിമത്വത്തിന്റെയും ഇരകളായവർ.... സുഖലോലുപതകളുടെ മേച്ചിൽപുറങ്ങളിൽ അഭിരമിക്കുന്നവർ.... അരങ്ങുവാഴുന്ന ആൾദൈവങ്ങൾ..... ഇരുണ്ടുവെളുക്കുമ്പോൾ ഇരുമ്പഴിക്കുള്ളിലാകുന്ന കപടവേഷധാരികൾ..... വിദേശ സ്വദേശ ശിക്ഷ്യസമ്പത്തും ശിഷ്യരുടെ സമ്പത്തും കവർന്നെടുക്കുന്നവർ..... ഏകാധിപത്യത്തിന്റെ പുത്തൻ അവതാരങ്ങൾ..... ഇവരുടെ മുമ്പിൽ ചോദ്യങ്ങളില്ല, ഉത്തരങ്ങളില്ല, ഉള്ളത് ആജ്ഞകൾമാത്രം. കല്ലുപിളർക്കുന്ന കല്പനകൾ മാത്രം. ഇതല്ല വഴി, ഇതല്ല സത്യം, ഇതല്ല ജീവൻ എന്ന തിരിച്ചറിവാകട്ടെ ദുക്റാന ദിനത്തിൽ നമ്മുടെ  കണ്ടെത്തൽ.

വീണ്ടും നാം ഈ ശിഷ്യപ്രമുഖനെ കണ്ടുമുട്ടുന്നത് യോഹന്നാന്റെ സുവിശേഷത്തിൽ ഇരുപതാം അധ്യായത്തിലാണ്. കൂട്ടുകാരൊക്കെ കരുതലോടെ കതകടച്ചിരുന്നപ്പോൾ (യോഹ. 20.19) പ്രക്ഷുബ്തമായ ഇടവഴികളിൽ, പെരുവഴികളിൽ, പാതയോരങ്ങളിൽ കാറുംകോളുംകൊണ്ട മനസുമായി ആൾക്കൂട്ടങ്ങൾക്ക് നടുവിൽ ഒറ്റപ്പെട്ടവനായി, ഗുരുവിനെതേടി അലഞ്ഞതുകൊണ്ടാവണം കൂട്ടുകാരോടൊപ്പം അവനില്ലാതെപോയത്. ''ഇല്ല, ഞാനിത് വിശ്വസിക്കില്ല, കാണണം. എനിക്ക് കാണണം''എന്ന ് ശാഠ്യം

പിടിക്കുന്ന ദിദിമോസിന്റെ നിഷ്കളങ്കതയ്ക്ക് സമ്മാനമായി തന്റെ തിരുമുറിവുകളുടെ അനുഭവംകൊണ്ട് യേശു അവനെ അനുഗ്രഹിച്ചു. ആഴമായ വിശ്വാസത്തിലടിയുറച്ചവന് പാറമേൽ തന്റെ ഭവനം പണുതുയർത്തുവാൻ, പഞ്ചക്ഷതങ്ങളിൽ അസ്തിവാരം ഒരുക്കിക്കൊടുക്കുന്ന ഗുരുവും ശിഷ്യനും തമ്മിൽ കണ്ടുമുട്ടുന്ന രംഗം.

കരളലിയിപ്പിക്കുന്ന കർത്താവിന്റെ കനിവിനുമുമ്പിൽ സമർപ്പണത്തിന്റെ സമ്പൂർണതയായി ''എന്റെ കർത്താവേ എന്റെ ദൈവമേ'' (യോഹ. 20.28) എന്നു നിലവിളിക്കുന്ന ശിഷ്യൻ. തന്റെ കർത്താവും ദൈവവുമായി തന്റെ ജീവിതത്തിന്റെ അർത്ഥവും ആധാരവുമായി, ലോകരക്ഷകനെ ഏറ്റുപറയുന്ന തോമസ് ആബ്ബാനുഭവത്തിന്റെ മുദ്രയും പ്രഘോഷണവുമായിമാറി. അവന്റെ നിലവിളി, അതെ പൂർണ്ണ മനസ്സോടും പൂർണ്ണ ആത്മാവോടും സർവ്വശക്തിയോടും കൂടി യേശുവിനെ കർത്താവും നാഥനുമായി ഏറ്റുപറയുന്ന ക്രിസ്തു ശിഷ്യന്റെ പ്രഖ്യാപനം.

ക്രിസ്തുവിനെ കണ്ടുമുട്ടിയവൻ, ക്രിസ്തുവിനെ അനുഗമിക്കുന്നവൻ, അവന്റെ പഞ്ചക്ഷതങ്ങളുടെ കവാടങ്ങളിലൂടെ അവന്റെ ഹൃദയത്തിൽ ഇടം കണ്ടെത്തുന്നവനാവണം ഓരോ ക്രിസ്ത്യാനിയും.

ആബ്ബാനുഭവത്തിന്റെ നീലതടാകത്തിൽ നീന്തിത്തുടിക്കുന്നവന് നിശ്ശബ്ദനായിരിക്കുവാൻ കഴിയില്ല, നിർഗ്ഗുണനായിരിക്കുവാൻ കഴിയില്ല, നിസ്സംഗനായിരിക്കുവാൻ കഴിയില്ല, അവൻ അയയ്ക്കപ്പെടുന്നവനായി മാറണം. അവന് ജീവിതം ക്രിസ്തുവും മരണം നേട്ടവുമായി പരിണമിക്കണം. വിശ്വാസതീഷ്ണതകൊണ്ട് അവൻ ജ്വലിക്കുമ്പോൾ ആര് അവന്റെ ദൗത്യത്തിൽ നിന്ന് അവനെ വേർപ്പെടുത്തും? ആപത്തോ, വാളോ, അഗ്നിയോ, യുദ്ധമോ, ഭീഷണിയോ ഇരമ്പിയാർത്ത് പാഞ്ഞടുക്കുന്ന മരണമോ? ഈ സത്യമാണ് പിന്നീട് തോമാശ്ലീഹായിൽ അരങ്ങേറിയത്.

അങ്ങനെയാണവൻ കടലെടുക്കാത്ത വിശ്വാസതീഷ്ണതയുമായി കറുത്തപൊന്നിന്റെ നാട്ടിൽ കടൽക്കരയിൽ കാലുകുത്തിയത്. എ.ഡി 72 ജൂലൈ മൂന്നിന് മൈലാപ്പൂരിലെ ചിന്നമലയിൽ ഒരു കൽക്കുരിശിന്റെ ചുവട്ടിൽ കുന്തംകൊണ്ട് കുത്തിമുറുവേൽപ്പിക്കപ്പെട്ട് രക്തസാക്ഷി മകുടം ചൂടിയ ഭാരത അപ്പസ്തോലന്റെ ഹൃദയരക്തത്തുള്ളികൾ ചിതറിത്തെറിച്ചുവീണത് ഭാരതത്തിന്റെ വിശാലമായ വയലേലകളിലായിരുന്നു. ഭാരതത്തിന്റെ ആത്മാവിൽ ആ ജീവിതം വിലയം പ്രാപിച്ചു. ആർഷഭാരത സംസ്കൃതിയുടെ മടിത്തട്ടിൽ പൂത്തുലഞ്ഞ ആ പൂമരം അനേകർക്ക് വിശ്വാസത്തിന്റെ പ്രകാശഗോപുരമായിത്തീർന്നു.

ക്രിസ്തുശിഷ്യന്റെ ഘാതകവൃന്ദം ഇന്നും അവസരങ്ങൾ തക്കംപാർത്ത് ഇരുളിന്റെ മറവിലെവിടെയോ ഇരുന്ന് ഗൂഢതന്ത്രങ്ങൾ മെനയുന്നു. അവരുടെ കരളുകളിൽ വന്യതയുടെ കനലുകളെരിയുന്നു. ചതിയുടെ വാരിക്കുഴികൾ, കാപട്യത്തിന്റെ കൊളോസിയങ്ങൾ, പകയുടെ അരക്കില്ലങ്ങൾ ഒരുക്കി അവർ കാത്തിരിക്കുന്നു. ഒറീസ്സയിലെ തെരുവോരങ്ങളിൽ.... കാണ്ഡമാലിലെ ദരിദ്ര്യകോളനികളിൽ... മദ്ധ്യപ്രദേശിൽ.... ഹൈദ്രബാദിൽ...... ഇൻഡോറിൽ..... എന്തിനധികം ദൈവത്തിന്റെ സ്വന്തം നാട്ടിൽ പോലും....

ഉറഞ്ഞുതുള്ളുന്ന ജാതിക്കോമരങ്ങളുടെ കരാള ഹസ്തങ്ങളിൽപ്പെട്ട് ജീവിതത്തിനും മരണത്തിനുമിടയിൽ ഊർദ്ധശ്വാസം വലിക്കുന്നവർ...... ക്രൂരമായി കൊലചെയ്യപ്പെട്ടവർ..... അഗ്നിക്കിരയായവർ..... നഗ്നരായി വലിച്ചിഴയ്ക്കപ്പെട്ടവർ.... നിഷ്ഠൂരമായി ആക്രമണത്തിൽ... സന്ധിബന്ധങ്ങളറ്റുപോയവർ.... സമാനതകളില്ലാതെ നിന്ദിക്കപ്പെട്ടവർ.... നിരന്തര വ്യക്തിഹത്യയ്ക്ക് വിധേയരായവർ.... ഹിംസ്ര ജന്തുകളുടെയും പകർച്ചവ്യാധികളുടെയും മുമ്പിലേയ്ക്ക് എറിയപ്പെട്ടവർ.... വീടുവിട്ട് കൊടുംകാടുകളിലേയ്ക്ക് പലായനം ചെയ്യപ്പെട്ടവർ....ഈ ക്രൂരതയ്ക്കവസാനമുണ്ടാകുന്നില്ല.

ഗ്രഹാംസ്റ്റെയിൻമാർ..... ഇൻഡോർ റാണിമാർ..... പാണ്ടിപ്പള്ളിയച്ചൻമാർ..... ചെല്ലന്തറ അച്ചന്മാർ..... വൈദീകർ..... സമർപ്പിതർ..... പ്രേക്ഷിതർ..... ഇവരുടെ നിരയും അവസാനിക്കുന്നില്ല.

ഭാരത സഭയുടെ അഭിമാനമായവർ, ദൈവഹിതത്തിന് സമർപ്പിക്കപ്പെട്ടവർ, സ്വയം പരിത്യജിച്ച് കുരിശും വഹിച്ചുകൊണ്ട് കാൽവരി വഴിയിൽ അണിനിരന്നവർ.

നമുക്കുമുമ്പേ കടന്നുപോയവന്റെ പാതയിൽ നിന്നുകൊണ്ട് എന്റെ കർത്താവേ എന്റെ ദൈവമേ എന്ന അവന്റെ നിലവിളി നമ്മുടെ യാത്രയിൽ നമുക്ക് പാഥേയമായിരിക്കട്ടെ.

**ജോർജ്ജ് കോയിക്കൽ**